1 (1215) മത്സ്യസംരക്ഷണത്തിന് നടപടി

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. കെ.എം. മാണി :

ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടായിരാമാണ്ടിന്റെ തുടക്കത്തിൽ സംസ്ഥാനത്തെ ജലാശയങ്ങളിൽ കണ്ടുവരുന്ന വിവിധയിനം മത്സ്യങ്ങൾക്ക് വംശനാശം സംഭവിക്കാനിടയുണ്ടെന്നുള്ള സമുദ്രോൽപ്പന്ന കയറ്റുമതി വികസന അതോറിറ്റിയുടെ മുന്നറിയിപ്പ് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വെളിച്ചത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ കാക്കക്കാത്തി പോലുള്ള മത്സ്യങ്ങളുടെ കൂട്ടായ ചത്തൊടുങ്ങൽ കണക്കിലെടുത്ത് മത്സ്യസംരക്ഷണത്തിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)ലഭിച്ചിട്ടില്ല.

(സി) കാക്കക്കാത്തി പോലുള്ള മത്സ്യങ്ങൾ തീരത്ത് അടിഞ്ഞത് പ്രകൃത്യാലുള്ള ഭീഷണിമുഖേനയല്ല. മറിച്ച് വൻകിട മത്സ്യയാനങ്ങളിൽ നിന്ന് ഉപയുക്തമല്ലാത്ത മത്സ്യങ്ങൾ കടലിൽ ഉപേക്ഷിച്ച്, അവ തീരത്ത് അടിഞ്ഞതുകൊണ്ടാണ്.

2 (1216) സംസ്ഥാനത്ത് ലഭ്യമാകുന്ന മത്സ്യസമ്പത്തിന്റെ അളവ്

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഭ്യമാകുന്ന മത്സ്യസമ്പത്തിന്റെ അളവ് വർഷാവർഷം കണക്കാക്കാറുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ ഓരോ വർഷവും എത്ര ടൺ മത്സ്യം വീതമാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വ്യക്തമാക്കാം. 1996-97 വർഷത്തിൽ 7,05,344 ടൺ, 1997-98-ൽ 5,69,300 ടൺ 1998-99 -ൽ 6,48,349 ടൺ വീതം മത്സ്യം ലഭിക്കുകയുണ്ടായി.

3 (1217) മത്സ്യവിഭവശേഷി ചൂഷണം ചെയ്യുവാൻ നടപടി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് :

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തിന്റെ മത്സ്യവിഭവശേഷി തൃപ്തികരമായ നിലയിൽ ചൂഷണം ചെയ്യുന്നുണ്ടോ;

(ബി) സംസ്ഥാനത്തെ കടൽ, കായൽ, നദി, തടാകങ്ങൾ ഇവയിൽനിന്നുള്ള ശരാശരി മത്സ്യലഭ്യതയുടെ കണക്ക് ഇനം തിരിച്ചു വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ മത്സ്യക്ഷാമം പരിഹരിക്കാനുതകുംവിധം കുളങ്ങൾ നിർമ്മിച്ച് മത്സ്യക്കൃഷി നടത്തുവാനുള്ള പദ്ധതി ആവിഷ്കരിക്കുമോ;

(ഡി) കേരളത്തിൽ ഇപ്പോൾ അന്യസംസ്ഥാനങ്ങളിൽനിന്നെത്തുന്ന മത്സ്യം അമോണിയ ചേർത്ത് സൂക്ഷിച്ചിട്ടുള്ളതാണോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വ്യക്തമാക്കാം. വിശദവിവരം താഴെ കൊടുക്കുന്നു.

ജലാശയത്തിന്റെ ഇനം	ശരാശരി ലഭിച്ചുവരുന്ന മത്സ്യത്തിന്റെ തൂക്കം (മെട്രിക് ടണ്ണിൽ)
കടൽ	582273
കായൽ	31659
നദി	6543
തടാകങ്ങൾ	3945

(സി) മത്സ്യക്ഷാമം ഉണ്ടാകാത്തവിധത്തിൽ സംസ്ഥാനത്തൊട്ടാകെ വ്യാപകമായി മത്സ്യക്കൃഷി നടത്തുവാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) അമോണിയ ചേർത്ത് സൂക്ഷിച്ചിട്ടുള്ള മത്സ്യം അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിൽ എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

4 (1218) മത്സ്യഫെഡിന്റെ കീഴിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന സംഘങ്ങൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യഫെഡിന്റെ കീഴിൽ ഇപ്പോൾ എത്ര സംഘങ്ങൾ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്നുണ്ട്;

(ബി) 1996-97, 1998 വർഷങ്ങളിലും 1999 ഒക്ടോബർ 31 വരെയായും എത്ര സംഘങ്ങൾക്ക് മത്സ്യഫെഡിൽ അഫിലിയേഷൻ നൽകിയിട്ടുണ്ട്; ഇതിന്റെ ജില്ലതിരിച്ചുള്ള ഓരോ വർഷത്തെ കണക്ക് വ്യക്തമാക്കുമോ;

(സി) മത്സ്യഫെഡ് ഇപ്പോൾ തൊഴിലാളികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) എ.ഐ.ടി.യു.സി. നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് അഫിലിയേഷൻ നൽകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly